**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2424** — **09-03-2018 ലെ മറുപടി**

## ജലചൂഷണ കേസുകൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.കെ.വി.വിജയദാസ്** | | **മാത്യു.ടി.തോമസ്**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ജലചൂഷണ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദവിവരം നല്കുമോ; | (എ) | 2055 കേസുകൾ വാട്ടർ അതോറിറ്റിയുടെ വിവിധ ഓഫീസുകളിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അനധികൃത കണക്ഷൻ നൽകിയതിന്റെ പേരിൽ ആറ്റിങ്ങൽ ഡിവിഷന്റെ കീഴിൽ ഒരു പോലീസ് കേസും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br>അതുപോലെ ജലചൂഷണവുമായി ബന്ധപ്പെട്ട് ഭൂജല വകുപ്പിന്റെ തിരുവനന്തപുരം ജില്ലാ ഓഫീസിൽ 16 പരാതികളും ആലപ്പുഴ ജില്ലാ ഓഫീസിൽ 8 പരാതികളും എറണാകുളം ജില്ലാ ഓഫീസിൽ 13 പരാതികളും ഹൈക്കോടതി കേസുമായി ബന്ധപ്പെട്ട് 6 പരാതികളും ലഭിച്ചിട്ടുണ്ട്. |
| (ബി) | ഇത്തരം കേസുകളിൽ എത്രപേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദവിവരം നൽകുമോ; | (ബി) | **<u>കേരള ജല അതോറിറ്റി</u>**<br>എല്ലാ കേസുകളിലും നടപടി സ്വീകരിച്ചിട്ടുണ്ട്. ഇവരിൽ നിന്നും 206.19 ലക്ഷം രൂപ പിഴയിനത്തിൽ ഈടാക്കിയിട്ടുണ്ട്. ആറ്റിങ്ങൽ ഡിവിഷന്റെ കീഴിൽ ശ്രീ.തുളസി, വിളയിൽവീട്, കടയ്ക്കാവൂർ എന്ന വ്യക്തിക്കെതിരെ ചുറ്റുപാടുള്ള 9 കുടുംബങ്ങൾക്ക് അനധികൃതമായി കണക്ഷൻ കൊടുത്തതിന്റെ പേരിൽ പോലീസിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br>**<u>ഭൂജലവകുപ്പ്</u>**<br>തിരുവനന്തപുരം ജില്ലയിൽ 9 പേർക്കും ആലപ്പുഴ ജില്ലയിൽ 5 പേർക്കും എതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിൽ ഹൈക്കോടതി കേസുമായി ബന്ധപ്പെട്ട് 6 പരാതികളിൽ സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട് തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ ഒരു കേസിൽ ഹൈക്കോടതി നിർദ്ദേശപ്രകാരം സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുണ്ട്. ഇത്തരം പരാതികളിൽ ജലചൂഷണം നിയന്ത്രിക്കാൻ ജലക്ഷമതാ പരിശോധന ഉൾപ്പെടെയുള്ള ശാസ്ത്രീയ പഠനങ്ങൾ നടത്തി നടപടി സ്വീകരിക്കുന്നതാണ്. (വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു) |
| (സി) | ജലചൂഷണ കേസുകളിൽ സ്വീകരിച്ചു വരുന്ന ശിക്ഷാ നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ? | (സി) | **<u>ജലസേചന വകുപ്പ്</u>**<br>അനധികൃത ഉപരിതല ജലചൂഷണം (5 ഹോഴ്സ് പവർ ശക്തിയുള്ളതോ അതിൽ കൂടുതലായതോ ആയ മോട്ടോർ/പമ്പ് ഉപയോഗിച്ച് ജലം എടുക്കുക) നടത്തുന്നത് കണ്ടുപിടിച്ചാൽ പരമാവധി ഒരു വർഷം വരെ തടവും അയ്യായിരം രൂപ പിഴയും ഒരുമിച്ചോ, തടവുമാത്രമായോ പിഴ ശിക്ഷ നൽകാവുന്നതാണ്. |

| | | | |
|---|---|---|---|
| | | | **<u>കേരള ജല അതോറിറ്റി</u>**<br>വാട്ടർ സപ്ലൈ സീവേജ് ആക്ട് 1986 സെക്ഷൻ 46 ബി, 46 സി, 46 ഡി പ്രകാരമുള്ള ശിക്ഷാനടപടികൾ - പിഴ ഈടാക്കുക, കണക്ഷൻ വിച്ഛേദിക്കുക, പിഴ അടയ്ക്കാത്തവ കോടതി വ്യവഹാരത്തിലേക്ക് സമർപ്പിക്കുക തുടങ്ങിയവ സ്വീകരിച്ചു വരുന്നു.<br>**<u>ഭൂജലവകുപ്പ്</u>**<br>കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) 2002 ആക്ടിലെ വകുപ്പ് 21 (2) A, B പ്രകാരം ആദ്യ കുറ്റത്തിന് 2,000/- രൂപ വരെയുള്ള പിഴയും രണ്ടാമത്തേയും അതിനു ശേഷവുമുള്ള കുറ്റത്തിന് ആറ് മാസക്കാലം വരുന്ന തടവ് ശിക്ഷയോ, 10,000/- രൂപ വരെ ആകാവുന്ന പിഴയോ ആണ് നിഷ്കർഷിച്ചിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

## ഭൂജലവകുപ്പ്

| ക്രമ നം. | ജില്ല | നടപടി എടുത്തവരുടെ പേര വിവരങ്ങൾ | എടുത്ത നടപടി |
|---|---|---|---|
| 1 | തിരുവനന്തപുരം | വണ്ടിത്തടം പ്രദേശത്തെ കുടിവെള്ള മാഫിയ | സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുണ്ട് |
| | | ജോർജ്ജ് ജോസഫ്, നെട്ടുകാൽ, കാട്ടാക്കട | ഫൈൻ ഈടാക്കി |
| | | ഹോളോബ്രിക്സ് കമ്പനി, കല്ലമ്പലം | നോട്ടീസ് നൽകിയിട്ടുണ്ട് |
| | | ഡിനി കുമാർ, കാവിൽ ഇൻഡസ്ട്രീസ് | സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുണ്ട് |
| | | രാജൻ, വൈറ്റ് ഹൗസ്, ഇലകമൺ | നോട്ടീസ് നൽകിയിട്ടുണ്ട് |
| | | സുരേഷ്, പഴയകുന്നുമ്മേൽ | സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുണ്ട് |
| | | അബ്ദുൾ റഷീദ്, ഹോളോബ്രിക്സ്, വാമനപുരം | സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുണ്ട് |
| | | ഷജീർ, എം.കെ.പ്രൊഡക്ഷൻസ്, നാവായിക്കുളം | സൈറ്റ് ഇൻസ്പെക്ഷൻ നടത്തിയിട്ടുണ്ട് |
| | | എസ്.ജയരാജൻ, കോവളം | സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുണ്ട് |
| | ആലപ്പുഴ | എ.ഗ്രിഫ്റ്റ് വാട്ടർ ആർ.ഒ പ്ലാന്റ്, ശ്രീ.അലോഷ്യസ്, പുന്നപ്ര തെക്ക് പഞ്ചായത്ത് | നടപടി സ്വീകരിച്ചിട്ടുണ്ട് |
| | | ജോൺ ജെയിംസ്, അരശ്ശേരിക്കടവിൽ, പറവൂർ.പി.ഒ, ആലപ്പുഴ | നടപടി സ്വീകരിച്ചിട്ടുണ്ട് |
| | | ഇമ്മാനുവൽ, ആർ.ഒ.പ്ലാന്റ്, ശ്രീ.ടോമി ആന്റണി, പുന്നപ്ര തെക്ക് പഞ്ചായത്ത് | നടപടി സ്വീകരിച്ചിട്ടുണ്ട് |
| | | നാഥൻ പ്ലാന്റ്, ആർ.ഒ പ്ലാന്റ് മണ്ണഞ്ചേരി പഞ്ചായത്ത് | നടപടി സ്വീകരിച്ചിട്ടുണ്ട് |
| | | ആർ.രമേഷ്, ഭസ്മക്കടവ്, വണ്ടാനം, അമ്പലപ്പുഴ തെക്ക് | നടപടി സ്വീകരിച്ചിട്ടുണ്ട് |
| | എറണാകുളം | എറണാകുളം ജില്ലയിൽ ഹൈക്കോടതി കേസുമായി ബന്ധപ്പെട്ട് 6 പരാതികളിൽ സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട് തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ ഒരു കേസിൽ ഹൈക്കോടതി നിർദ്ദേശപ്രകാരം സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുണ്ട്. | |

**സെക്ഷൻ ഓഫീസർ**